# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **4677** **26.10.16** -ലെ മറുപടിക്ക്

## കൊയിലാണ്ടി നിയോജക മണ്ഡല പരിധിയിൽ ഇറിഗേഷൻ വകുപ്പിനുള്ള ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ദാസൻ | മാത്യു ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കൊയിലാണ്ടി നിയോജക മണ്ഡല പരിധിയിൽ, ഇറിഗേഷൻ വകുപ്പിന് എവിടെയെല്ലാം ഭൂമിയുണ്ടെന്നുള്ളത് വിസ്തീർണം, റീ സർവ്വേ നമ്പർ, വില്ലേജ് എന്നീ വിശദാംശങ്ങളോടെ വ്യക്തമാക്കാമോ; | (എ) കൊയിലാണ്ടി നിയോജക മണ്ഡല പരിധിയിൽ ജലസേചനം പദ്ധതി വിഭാഗം 1 ചീഫ് എഞ്ചിനീയറുടെ അധികാര പരിധിയിലുള്ള ഭൂമിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഇതുകൂടാതെ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ അധികാരപരിധിയിൽ പന്തലായിനി വില്ലേജിൽ പന്തലായിനി ദേശത്ത് റീ-സർവ്വെ നമ്പർ 4/3 എ-യിൽ 17.63 സെന്റ് സ്ഥലവും കൂടി ഉണ്ട്. |
| (ബി) കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷൻ പരിസരത്തെ ഇറിഗേഷൻ വകുപ്പിന്റെ ക്വാർട്ടേഴ്സ് വർഷങ്ങളായി ജീർണിച്ച് കാടു മൂടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സ്ഥലം ഉപയോഗപ്പെടുത്തി വികസന പദ്ധതി ആവിഷ്കരിക്കുമോ; | (ബി) ഉണ്ട്. കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷൻ പരിസരത്തുള്ള ജലസേചന വകുപ്പിന്റെ ഭൂമിയിൽ 2 കെട്ടിടങ്ങളിലായുള്ള 4 ക്വാർട്ടേഴ്സുകൾ ഫണ്ടിന്റെ അപര്യാപ്തതമൂലം അറ്റകുറ്റപ്പണികൾ ചെയ്യാത്തതിനാൽ ഉപയോഗശൂന്യമായ അവസ്ഥയിലാണ്. ഈ സ്ഥലം ജലസേചന വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നത് പരിഗണിക്കാവുന്നതാണ്. |
| (സി) കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിലെ ഇറിഗേഷൻ വകുപ്പിന്റെ കെട്ടിടം ജീർണാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കെട്ടിടം പുതുക്കി പണിത് ഇറിഗേഷൻ ഓഫീസ് കൊയിലാണ്ടിയിൽ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിടം പുതുക്കി പ്പണിയുന്നതിന് 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്